കാസർഗോഡ് ഉബൈദ് സ്മാരക കമ്മിറ്റിക്ക് സ്ഥലം

1186(893) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഉബൈദ് സ്മാരക കമ്മിറ്റിക്ക് സ്ഥലം അനുവദിച്ചതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പരാതിക്കാരുടെയും ഉബൈദ് കമ്മിറ്റിക്കാരുടെയും വാദം കേട്ട് തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ തീരുമാനം എന്താണ് ; എപ്പോഴാണ് തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ ;

(സി) ഉബൈദ് സ്മാരക മന്ദിരത്തിന് കാസർഗോഡ് പട്ടണത്തിൽ പുതിയ സ്ഥലം കളക്ടർ ശിപാർശ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ ;

(ഡി) ഉണ്ടെങ്കിൽ അത് എവിടെയാണെന്നും എത്ര സ്ഥലമാണെന്നും വ്യക്തമാക്കാമോ ;

(ഇ) കളക്ടർ പുതുതായി ശിപാർശ ചെയ്തിരിക്കുന്ന സ്ഥലം ഉബൈദ് കമ്മിറ്റിക്ക് പതിച്ച് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത വിഷയത്തിൽ എന്നത്തേക്ക് തീരുമാനമെടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 20-5-2010-ലും 27-5-2010-ലും ഉബൈദ് മെമ്മോറിയൽ ഫോറം, ശ്രീ ഭഗവതി സേവാ സംഘം പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഉബൈദ് മെമ്മോറിയൽ കമ്മിറ്റിക്ക് പതിച്ച് നൽകുന്നതിനായി റീ.സ. നമ്പർ 70/പാർട്ട്, 50/പാർട്ടുകളിൽ പകരം ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) കാസർഗോഡ് വില്ലേജിൽ റീ.സ.നമ്പർ 294/പാർട്ടിൽപ്പെട്ട പൊതു ആവശ്യത്തിനായി നീക്കിവച്ച 10 സെന്റ് മിച്ചഭൂമി.

(ഇ) ഇല്ല. പ്രസ്തുത സ്ഥലം പൊതു ആവശ്യത്തിനായി നീക്കിവച്ച മിച്ചഭൂമിയിൽപ്പെട്ടതായതിനാലും കേരള ഭൂപതിഷ്കരണ നിയമ പ്രകാരം പൊതു ആവശ്യത്തിനായി നീക്കിവച്ച ഭൂമി മറ്റ് ആവശ്യങ്ങൾക്കായി പതിച്ച് നൽകാൻ സാധിക്കുകയില്ലെന്നതിനാലും.

(എഫ്) മേൽ വിഷയത്തിൽ ലാന്റ് ബോർഡ് സെക്രട്ടറിയുടെ അഭിപ്രായം ലഭ്യമാക്കി തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly